# പനമരം ബ്ലോക്ക് പഞ്ചായത്ത്

## വാർഷിക ബഡ്ജറ്റ്

## 2023-2024

### 2023 മാർച്ച് 13





പ്രിയരെ,

പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തെ ഈ ഭരണ സമിതിയുടെ മൂന്നാമത്തെയും ബഡ്ജറ്റ് ഭരണ സമിതിക്ക് വേണ്ടി ഇവിടെ വൈസ് പ്രസിഡന്റ് അബ്ദുൾ ഗഫൂർ കാട്ടി അവതരിപ്പിക്കുകയാണ് 14-ാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാമത്തെ ബഡ്ജറ്റാണ് ഇത്.

മുൻകാലങ്ങളിൽ കൈവരിച്ച നേട്ടങ്ങളിൽ സന്തോഷം പങ്കിട്ടും തടസ്സങ്ങളും നിർവ്വഹണ ഘട്ടത്തിൽ ബുദ്ധിമുട്ടായ കാര്യങ്ങളെ മറികടക്കാനുള്ള വഴികൾ കണ്ടെത്തിയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പരമാവധി ഉൾകൊണ്ടുമാണ് 2023-24 വർഷത്തെ വാർഷിക ബഡ്ജറ്റിന് രൂപം നൽകിയിട്ടുള്ളത് പനമരം ബ്ലോക്ക് പഞ്ചായത്തിനെ വ്യത്യസ്തമാക്കാനുള്ള പ്രോജക്ടുകളും പ്രവർത്തനങ്ങളും ഇവിടെ രൂപപ്പെടുമ്പോൾ നാം മുൻകാലങ്ങളിൽ ആർജ്ജിച്ച നേട്ടങ്ങളേക്കാൾ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിയട്ടെ എന്ന് ആശംസിച്ച് കൊണ്ട് 2023-24 വർഷത്തെ ഈ ബഡ്ജറ്റിന് എല്ലാവിധ ആശംസകളും നേരുന്നു.

**ഗിരിജ കൃഷ്ണൻ**
*പ്രസിഡന്റ്*
*പനമരം ബ്ലോക്ക് പഞ്ചായത്ത്*

പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ നിലവിലെ ഭരണ സമിതിയുടെ മൂന്നാമത് വാർഷിക ബഡ്ജറ്റാണ് നിങ്ങളുടെ മുൻപിൽ ഇവിടെ അവതരിപ്പിക്കുന്നത്. 2023-24 24-25 വർഷത്തെ വാർഷിക ബഡ്ജറ്റ് അവതരിപ്പിക്കാൻ അനുഗ്രഹം നൽകിയ പ്രപഞ്ച സൃഷ്ടാവിന് സർവ്വസ്തുതിയും അർപ്പിക്കുന്നു.

13 വർഷങ്ങൾക്ക് മുൻപ് 2010 ൽ രൂപീകൃതമായ പനമരം ബ്ലോക്ക് പഞ്ചായത്ത് തുടക്കത്തിലെ എല്ലാ ബാലാരിഷ്ടതകളും പരിഹരിച്ച് സംസ്ഥാനത്ത് തന്നെ മികച്ച ബ്ലോക്ക് പഞ്ചായത്തുകളിലൊന്നായി മുന്നോട്ട് പോവുകയാണ്. മികച്ച ആധുനിക സൗകര്യങ്ങളോടെയുള്ള എല്ലാ ഘടക സ്ഥാപനങ്ങളും ഒന്നിച്ചൊരു സമുച്ചയത്തിൽ ഉൾക്കൊള്ളിച്ച് വിവിധ ഡിപ്പാർട്ട്മെന്റ് പദ്ധതികളും ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതികളും സംയോജിപ്പിച്ച് മികച്ച പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്.

കഴിഞ്ഞ കാലങ്ങളിലെ മികവുറ്റ പ്രോജക്ടുകൾ തുടർന്ന് കൊണ്ട് പോവുകയും പുതിയവ ആവിഷ്കരിച്ച് നടത്തുവാനും ഭരണ സമിതി പ്രതിജ്ഞാബദ്ധമാണ്. താഴെ തലത്തിൽ നിന്നുള്ള നിർദ്ധേശങ്ങളും ആശയങ്ങളും സമാഹരിച്ച് അവ മികച്ച പ്രോജക്ടുകളായി രൂപപ്പെടുത്തി ജനങ്ങൾക്ക് ഉപകാരപ്രദമായി നൂറ് ശതമാനം വിനിയോഗിക്കുക എന്നുള്ളതാണ് ഭരണ സമിതിയുടെ കാഴ്ചപ്പാട്.

മാനന്തവാടി, സുൽത്താൻ ബത്തേരി, കൽപ്പറ്റ എന്നീ മൂന്ന് നിയോജക മണ്ഡലങ്ങളും മൂന്ന് താലുക്കുകളും ഉൾപ്പെട്ട അഞ്ച് ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളുന്നതാണ് പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രദേശം ഇവിടുങ്ങളിലെ പൊതു സമൂഹത്തിന്റെ പുരോഗതിയും സമഗ്ര വിസകന കാഴ്ചപ്പാടുമനുസരിച്ചും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിർദ്ധേശവും മിഷനുകളുടെ പ്രവർത്തനവും ഒരുമിച്ച് മുന്നോട്ട് കൊണ്ട് പോകുന്നതിനാണ് ശ്രമം നടത്തുന്നത്. പദ്ധതികളും പ്രോജക്ടുകളും പൂർത്തീകരിക്കുക എന്നതിൽ നിന്ന് മാറി ജനഹിതമനുസരിച്ച് ജനങ്ങൾക്ക് ആവശ്യമായ പദ്ധതികൾ നൂറ് ശതമാനവും നടപ്പിലാക്കുക എന്നുള്ളതിനാണ് ഭരണ സമിതി പ്രാധാന്യം നൽകുന്നത്.

2023-24 വാർഷിക ബഡ്ജറ്റിൽ പ്രതിപാദിച്ച നമ്മൾ ലക്ഷ്യമിട്ട പല പദ്ധതികളും 100% വും നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആരംഭവും മാർഗ്ഗരേഖയും പദ്ധതി അംഗീകരണ കാലത്തിന്റെ താമസവും കാരണം ഈ വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ വൈകിയാണ് സംസ്ഥാനമൊന്നാകെ ആരംഭിച്ചിട്ടുള്ളത്. അതിന്റെ പ്രയാസങ്ങൾ എല്ലാവർക്കുമെന്നപ്പോലെ നമുക്കും വന്നിട്ടുണ്ട്.

കഴിഞ്ഞ പദ്ധതി കാലയളവിൽ എല്ലാവരുടെയും സഹായത്തോടെ കുറെയേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി നിർവ്വഹണ കാലയളവിൽ സഹകരിച്ച സഹായിച്ച ഭരണസമിതി അംഗങ്ങൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ ജീവനക്കാർ അഭ്യുദയാംക്ഷികൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ തുടങ്ങി എല്ലാവർക്കും ഈ അവസരത്തിൽ നന്ദി പ്രകാശിപ്പിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു.

കുറെ വർഷങ്ങൾക്ക് ശേഷം നമുക്ക് എല്ലാവർക്കും ആശയേകിയ നമ്മുടെ ചുമതലകളിൽ പ്രധാനപ്പെട്ട ഭവന നിർമ്മാണ പദ്ധതി P.M.A.Y മുൻവർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ ആരംഭിക്കാൻ കഴിഞ്ഞെങ്കിലും ഈ സാമ്പത്തിക വർഷം ഈ മേഖലയിൽ ഒരു വീട് പോലും നൽകാൻ കഴിയാത്തത് വളരെയേറെ ദു:ഖകരമാണ്. 2021-22 വർഷത്തിൽ 381 വീടുകളാണ് ജനറൽ, എസ്.ടി, എസ്.സി വിഭാഗങ്ങളിലായി നമ്മൾ എഗ്രീമെന്റ് വെച്ചത്. ഇത്തവണ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഒരു വീട് പോലും P.M.A.Y പദ്ധതിയിൽ ഉൾപ്പെടുത്താത്തത് നിലവിലെ ബ്ലോക്ക് പഞ്ചായത്തിന്റെ P.M.A.Y ഗുണഭോക്താക്കളുടെ ലിസ്റ്റിലുള്ളവരെ ഏറെ ദു:ഖിതരാക്കിയിരിക്കുകയാണ്. രണ്ട് വർഷം മുൻപ് ലൈഫ് ഭവൻ പദ്ധതിക്ക് അക്ഷയ സെന്ററുകളിലൂടെ അപേക്ഷ നൽകി വീടിന് വേണ്ടി കാത്തിരിക്കുന്നവരുടെ എണ്ണവും കൂടി കൂടുമ്പോൾ ദുർബല മേഖലയിൽ വീട് നൽകാൻ കഴിയാത്തതിലുള്ള പ്രയാസം മറിച്ച് വെക്കാൻ നമുക്ക് ആവില്ല. എങ്കിലും P.M.A.Y യിൽ അനുവദിക്കപ്പെട്ട വീടുകൾ ഇനിയും വിവിധ പഞ്ചായത്തുകളിൽ പൂർത്തികരിക്കാനുമുണ്ട്. ഫണ്ടിന്റെ അപര്യാപതതയും എസ്.ടി ഡിപ്പാർട്ട്മെന്റ് ഷെയർ കിട്ടാത്തതും വലിയ ഒരു തടസ്സമായി നമ്മുടെ മുൻപിൽ നിൽക്കുകയാണ്. എന്നാലും 2022-23 വർഷത്തെ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ ഭവന നിർമ്മാണ മേഖലയിൽ 20% തുകയും നാം പൂർണ്ണമായും ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഇത്തവണ P.M.A.Y പദ്ധതിക്കും സർക്കാർ പ്രഖ്യാപിച്ച ലൈഫ് ഭവന നിർമ്മാണത്തിനുമായി 85 ലക്ഷം രൂപ മാറ്റിവെക്കുവാൻ ഭരണസമിതി ആഗ്രഹിക്കുകയാണ്.

കോവിഡ് പ്രതിസന്ധി നാം തരണം ചെയ്തെങ്കിലും കോവിഡ് മൂലമുണ്ടായ മറ്റ് അസുഖങ്ങളും പ്രത്യാഖ്യാതങ്ങളും നമ്മെ ഇനിയും വേട്ടയാടുകയും വീണ്ടും ഇടക്ക് പ്രതിസന്ധി ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള രണ്ട് സി.എച്ച്.സികളിലുമായി വലിയ ഒരു തുകയാണ് ആരോഗ്യ മേഖലയിൽ മാറ്റിവെച്ചിട്ടുള്ളത്. ഇവ പൂർണ്ണമായും ചിലവഴിക്കാൻ നമുക്ക് കഴിയു

മെന്ന് ആശിക്കുകയാണ്. തുടർ പ്രോജക്ടായ 'സ്വാന്തനം അരികിൽ' സഞ്ചരിക്കുന്ന ആതുരാലയം നല്ല രീതിയിൽ മുന്നോട്ട് പോകുന്നുണ്ട്. എല്ലാ സെന്ററുകളിലും ചികിത്സക്ക് എത്തുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ മരുന്ന് നൽകുന്നതിനും ഇവിടെ പരിശോധന നടത്തുന്നതിനും ഒരു തടസ്സവുമുണ്ടായിട്ടില്ല. വളരെ നന്നായി അഞ്ച് ഗ്രാമപഞ്ചായത്തിലെ വളരെ പാവപ്പെട്ട രോഗികൾക്ക് ആശ്വാസമായി ഇത് തുടർന്ന് പോകുന്നു. ഈ സാമ്പത്തിക വർഷം നടവയൽ ഡിവിഷനിലെ നെയ്ക്കുപ്പയിൽ പുതിയ ഒരു സെന്റർ തുടങ്ങുവാനും കഴിഞ്ഞിട്ടുണ്ട്. പുൽപ്പള്ളി C.H.C പനമരം ബ്ലോക്ക് പഞ്ചായത്ത് M.S.D.P പദ്ധതിയിൽ പണി കഴിപ്പിച്ചിട്ടുള്ള പുതിയ ബിൽഡിംഗിലേക്ക് മാറുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പനമരത്തും പുൽപ്പള്ളിയിലും ആധുനിക രീതിയിലുള്ള ഫുള്ളി ഓട്ടോമാറ്റിക്ക് അനലൈസർ അടക്കം 24 ലക്ഷം രൂപയുടെ ലാബ് ഉപകരണങ്ങളാണ് രണ്ട് C.H.C കളിലുമായി ബന്ധപ്പെട്ട് പ്രവർത്തിപൂർത്തീകരിച്ചു വരുന്നത്.

പനമരം C.H.C യിലെ ഡയാലിസീസ് യൂണിറ്റിന്റെ രണ്ടാമത്തെ ഷിഫ്റ്റ് ആരംഭിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇതോടെ ഇവിടെ ഇപ്പോൾ രോഗികൾ പരിപൂർണ്ണമായി ഡയാലിസീസ് ചെയ്തു വരുന്നു. പുൽപ്പള്ളി C.H.C യിൽ പുതിയ ഡയാലിസീസ് സെന്റർ ആരംഭിക്കാൻ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പുതാടി, മുള്ളൻകൊല്ലി, പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പദ്ധതി ആവിഷ്കരിച്ചെങ്കിലും സംസ്ഥാന സർക്കാറിന്റെ നയം മൂലം ആ പ്രോജക്ടിന് അംഗീകാരം ലഭ്യമായിട്ടില്ല. താലൂക്ക് ആശുപത്രികളിൽ മാത്രം ഡയാലിസിസ് സെന്റർ തുടങ്ങൻ കഴിയു എന്നുള്ളതാണ് സർക്കാർ നയം. ഇത് കൊണ്ട് വകയിരുത്തിയ തുക പഞ്ചായത്തുകൾക്ക് വകമാറ്റേണ്ടി വന്നിരിക്കുകയാണ്. എങ്കിലും പ്രതീക്ഷയോടെ വയനാടിന്റെ പിന്നോക്കവസ്ഥ പറഞ്ഞ് ബഹു. എം.എൽ.എ.മാരോടൊപ്പം സർക്കാരിൽ നിന്നും സ്പെഷ്യൽ പെർമിഷൻ വാങ്ങുന്നതിനുള്ള ഒരുക്കത്തിലാണ് ഭരണസമിതി. കാടിനാൽ നാല് ഭാഗവും ഒറ്റപ്പെട്ട് ഈ പ്രദേശത്ത് ഡയാലിസീസ് സെന്ററിന്റെയും മികച്ച ഒരു ആരോഗ്യ സ്ഥാനത്തിന്റെയും പ്രാധാന്യം ഭരണസമിതി കാണുകയാണ്. പുൽപ്പള്ളിയിലെ പുതിയ ബിൽഡിംഗിലേക്ക് C.H.C മാറ്റുന്നതിന് ബഹു. ഐ.സി.ബാലകൃഷ്ണൻ. എം.എൽ.എയുടെ നേതൃത്വത്തിൽ ഭരണസമിതി പദ്ധതികൾ ആവിഷ്കരിച്ച് വരികയാണ്.

ബ്ലോക്ക് പരിധിയിലെ സെക്കന്ററി പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾ സജീവമാക്കി പാലിയേറ്റീവ് രംഗം കുടുതൽ ഊർജ്ജസ്വലമാക്കേണ്ടതുണ്ട്. ഈ

മേഖലയിൽ വിലകൂടിയ മരുന്നുകളും കേളോസ്ടമി ബാഗ് പോലുള്ളവ വാങ്ങി നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

സെക്കന്ററി പാലിയേറ്റീവ് രംഗത്ത് ഏറെ കാര്യങ്ങൾ നമുക്ക് ചെയ്യാനുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തത ഈ മേഖലയിൽ വലിയ വെല്ലുവിളിയാണ്. രണ്ട് C.H.C കളിലും സായാഹ്ന ഒ.പിയിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിന്റെ വേതനവും നൽകി വരുന്നുണ്ട്. നമ്മുടെ പ്രദേശത്ത് ഏറ്റവും അനിവാര്യമാക്കേണ്ടത് കിടപ്പിലായ രോഗികളുടെയും കുടുംബങ്ങളുടെയും സാന്ത്വന പരിചരണത്തിന് സഹായമേകാൻ അവർക്കുള്ള കൈതാങ്ങാണ് ഈ മേഖലയിൽ 6 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ മാറ്റിവെക്കുന്നു. ഒപ്പം പുൽപ്പള്ളി C.H.C ബ്ലോക്ക് F.H.C ആയി ഉയർത്തുന്നതിനും പനമരം C.H.C യെ താലൂക്ക് ഹോസ്പിറ്റലായും മാറ്റുന്നതിനുമുള്ള ശ്രമങ്ങൾ നടന്ന് വരികയാണ്. പെയിൻ & പാലിയേറ്റീവ് രംഗത്ത് കൂടുതൽ ഇടപ്പെടുന്നതിനും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും ബ്ലോക്ക് പഞ്ചായത്ത് ശ്രമം നടത്തുകയാണ്. കോവിഡിന് ശേഷം പനമരം ഗവ. യു.പി.സ്കൂളിൽ വെച്ച് വിപുലമായി രീതിയിൽ ആരോഗ്യമേള സംഘടിപ്പിക്കുവാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി അഞ്ച് ഗ്രാമപഞ്ചായത്തിലെ P.H.C കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകളും സ്കൂളുകൾ കേന്ദ്രീകരിച്ച് ചിത്രരചന, ഉപന്യാസ മത്സരം, ക്വിസ് മത്സരം തുടങ്ങിയവയും സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായുള്ള വിളംബര ജാഥയും പനമരം നഴ്സിംഗ് സ്കൂൾ കുട്ടികളുടെ ഫ്ളാഷ് മോബും ശ്രദ്ധേയമായിരുന്നു.

ജില്ലയിൽ ഏറ്റവും കൂടുതൽ പാൽ ഉദ്പാദിപ്പിക്കുന്ന ഒരു ബ്ലോക്ക് പഞ്ചായത്താണ് പനമരം ബ്ലോക്ക് പഞ്ചായത്ത് ക്ഷീരാമൃതം പദ്ധതിയിൽ ക്ഷീര കർഷകർക്ക് പാലിന് അവർക്ക് 4 മാസം അളക്കുന്ന പാലിന്റെ ഇൻസെന്റീവ് തുക നൽകുന്നതിനായി 55 ലക്ഷം രൂപയാണ് ബ്ലോക്ക് പഞ്ചായത്ത് മാറ്റിവെച്ചിട്ടുള്ളത്. അടുത്ത സാമ്പത്തിക വർഷവും ഈ തുക നൽകുന്നതിനായി പദ്ധതിയിൽ തുക മാറ്റിവെച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ ക്ഷീര സംഘങ്ങളും കർഷകരും ഉള്ള ബ്ലോക്ക് എന്ന നിലയിൽ എല്ലാവരെയും പങ്കെടുപ്പിച്ച് ബ്ലോക്ക് തലത്തിൽ ക്ഷീര സംഗമം മുള്ളൻകൊല്ലിയിൽ വെച്ച് സംഘടിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ സംസ്ഥാനത്ത് ആദ്യമായി പനമരം ബ്ലോക്ക് പഞ്ചായത്ത് നൂതന പ്രോജക്ടായി സഞ്ചരിക്കുന്ന മൃഗാശുപത്രി തുടങ്ങിയെങ്കിലും സർക്കാർ നിബന്ധനയിൽ ചില മാറ്റങ്ങൾ വന്നതിനാൽ ഇടക്കാലത്ത് അത് നിന്ന് പോയിരുന്നു എന്നാൽ വീണ്ടും സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തോടെ ഈ മാസം തന്നെ അത് പുന:രാരംഭിക്കുവാനുള്ള ശ്രമം തുടരുകയാണ്. ഗോജീവ സുരക്ഷ പദ്ധതിയിൽ ഇതിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

കാർഷിക മേഖലയിൽ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ സാന്നിധ്യം അറിയിക്കുന്ന പ്രോജക്ടുകളാണ് വിഭാവനം ചെയ്തിട്ടുള്ളത് നെൽ കൃഷിക്ക് കൂലി ചെലവ് സബ്സീഡി ഇതിൽ 55 ലക്ഷം രൂപ നമ്മുടെ ബ്ലോക്കിലെ നെൽകർഷകർക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. നിറവിൻ പൊൻകതിർ പദ്ധതിയിൽ ഈ പദ്ധതി സമ്പൂർണ്ണമായും നടപ്പാക്കുകയുണ്ടായി. ഇതോടൊപ്പം ഫെബ്രുവരി അവസാന വാരം പനമരത്ത് കിസാൻ മേള സംഘടിപ്പിക്കുകയും അഞ്ച് ഗ്രാമപഞ്ചായത്തുകളിലും വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രചരണാർത്ഥം മത്സരം സംഘടിപ്പിക്കുകയും ശ്രദ്ധേയമായ സെമിനാറും കാർഷിക പ്രദർശനവും സംഘടിപ്പിക്കുകയുണ്ടായി. ഈ രംഗത്ത് കർഷകർക്ക് വിവിധ സംഘങ്ങൾ മുഖേന 16 ഗാർഡൻ ടില്ലറുകളാണ് നൽകുന്നത്.

കുടിവെള്ളത്തിനായി ബുദ്ധിമുട്ടുന്ന ഒട്ടേറെ പ്രദേശങ്ങൾ നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുണ്ട് ഇവ കുറച്ചെങ്കിലും പരിഹരിക്കുന്നതിനായി 80 ലക്ഷം രൂപയാണ് ഈ മേഖലയിൽ ചിലവഴിക്കുന്നത്. ഇവിടെ പദ്ധതി പൂർത്തികരിക്കാൻ ഈ മേഖലയിൽ ഒട്ടേറെ തടസ്സങ്ങൾ വന്നിരുന്നു. ഓരോന്നിന്റെയും കുരുകഴിച്ചുള്ള ശുദ്ധജല കുടിവെള്ള പദ്ധതി പരമാവധി നേരത്തെ പൂർത്തീകരിക്കുവാനാണ് ശ്രമം നടത്തുന്നത്. പാടിയമ്പം കുടിവെള്ള പദ്ധതി മാത്രമേ പൂർണ്ണമായും പൂർത്തീയായിട്ടുള്ളു മറ്റ് പദ്ധതികൾ താമസിയാതെ പൂർത്തീകരികരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഇത്തവണയും കുടിവെള്ള പദ്ധതികൾക്ക് വേണ്ടി 50 ലക്ഷം രൂപ മാറ്റിവെക്കുകയാണ്. മാലിന്യ ശുചിത പദ്ധതികൾക്ക് വേണ്ടി രൂപം നൽകിയ പ്രോജക്ടുകളും പൂർത്തിയായി വരുന്നു ഇതോടൊപ്പം ഹരിത കർമ്മസേന സംഗമം ബ്ലോക്ക് പഞ്ചായത്തിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി. അഞ്ച് ഗ്രാമ പഞ്ചായത്തിലെയും ഹരിത കർമ്മ സേനാംഗങ്ങളുടെ കലാപരിപാടികളും നടക്കുകയുണ്ടായി. പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള R.R.F. കേന്ദ്രം ടെണ്ടർ ചെയ്ത് കഴിഞ്ഞു. 2023-24 സാമ്പത്തിക വർഷം ഈ പ്രോജക്ട് പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുകയാണ് ഇതിനായി 25 ലക്ഷം രൂപ വകയിരുത്തുകയാണ്.

നമുക്കിടയിൽ കൂടുതൽ പരിഗണന ലഭിക്കേണ്ടവരാണ് ഭിന്നശേഷിക്കാർ. ഇവർക്കായുള്ള ജില്ലാ തല ഭിന്നശേഷി ദിനാഘോഷം നമ്മുടെ ബ്ലോക്കിൽ വെച്ചാണ് സംഘടിപ്പിച്ചത് ഒപ്പം ഈ മാസാവസാനം പനമരത്ത് വെച്ച് ഭിന്നശേഷി കലോത്സവവും നമ്മൾ സംഘടിപ്പിക്കുകയാണ്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനായി 37 ലക്ഷം രൂപയാണ് പനമരം ബ്ലോക്ക് പഞ്ചയാത്ത് മാറ്റിവെച്ചിട്ടുള്ളത്. ഇത് മുഴുവനായും അർഹതപ്പെട്ടവരുടെ കൈകളിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒപ്പം ഭിന്നശേഷിക്കാരായ സഹോദരങ്ങൾക്ക് 15 ഓളം പേർക്ക് മുച്ചക്ര

വാഹനവും വിതരണം ചെയ്യുകയുണ്ടായി. കരുതൽ പരിപാടിയിൽ സ്പീച്ച് ഒക്യു പേഷൻ തെറാപ്പി അഞ്ച് ഗ്രാമപഞ്ചായത്തുകളിലെയും കുട്ടികളെ സംഘടിപ്പിച്ച് തുട ങ്ങാൻ ശ്രമം ആരംഭിച്ചെങ്കിലും സാങ്കേതിക കാരണങ്ങളാൽ ടീച്ചറുടെ ഇന്റർവ്യൂ മാത്രം നടത്തി ക്ലാസ് തുടങ്ങാൻ കഴിയാതെ നിൽക്കുകയാണ്. വരുന്ന സാമ്പത്തിക വർഷം ആദ്യം തന്നെ ഈ പദ്ധതി ആരംഭിക്കുവാനുള്ള തയ്യാറെടുപ്പിലാണ് ഭരണസ മിതി ഇതോടൊപ്പം ഇവർക്കാവശ്യമായ സഹായ ഉപകരണങ്ങളും മറ്റ് കൃത്യമ ഉപ കരണങ്ങളും ലഭ്യമാക്കുന്നതിനായി 15 ലക്ഷം രൂപ വകയിരുത്തുകയാണ്.

വനിതാ ഘടക പദ്ധതിയിൽ ഭരണസമിതി വന്നതിന് ശേഷം ഒട്ടേറെ സംരംഭ ങ്ങൾ ഈ മേഖലയിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട് കണിയാമ്പറ്റ, പനമരം എന്നി വിടങ്ങളിലെ കാന്ററിംഗ് ഹോട്ടൽ, വാകേരിയിലെ ധാന്യങ്ങൾ പൊടിക്കുകന്ന മിൽ, ടൈലറിംഗ് യൂണിറ്റ് തുടങ്ങിയവ ഉദാഹരണങ്ങൾ. എന്നാൽ ഈ മേഖലയിൽ ഇത്ത വണ 40 ലക്ഷം രൂപ വനിതകളുടെ സ്വയം സഹായ ഗ്രൂപ്പുകൾക്ക് വേണ്ടി മാറ്റി വെച്ചെങ്കിലും സർക്കാറിന്റെ തൊഴിൽ സംരംഭം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരി ശീലനങ്ങൾ അടക്കം ലഭിമായിട്ടും വേണ്ടത്ര സംഘങ്ങളെ ലഭ്യമായിട്ടില്ല എന്നത് ഖേദകരമാണ്. 14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയനുസരിച്ച് വനിതാ ഘടകപദ്ധ തിയിൽ മൈക്രോ സംരംഭങ്ങൾ തുടങ്ങാനും ഇതോടൊപ്പം നൈപുണ്യ കേന്ദ്രങ്ങളു മായും അസാപ്പുമായും ചേർന്ന് വിദഗ്ദ്ധ പരിശീലനവും ജോലി സാധ്യതയും ഒപ്പം സംരംഭം തുടങ്ങുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നതിന് ഈ ബഡ്ജറ്റിൽ തുക വകയിരുത്തുന്നു. ഇതോടൊപ്പം അഞ്ച് ഗ്രാമപഞ്ചായത്തുകളിലും ഒരോ ഷീഹെൽത്ത് പദ്ധതി വനിതകൾക്കായി ആരംഭിക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുന്നു.

മുതിർന്ന പൗരൻമാരോട് ഭരണ സമിതി വളരെ ചേർന്ന് നിൽക്കുന്നു. 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് അവരുടെ അരികിൽ എത്തി 'സാന്ത്വന പരി ചരണം അരികിൽ' സഞ്ചരിക്കുന്ന ആതുരാലയം പദ്ധതിയും ജീവിത ശൈലി രോഗ ങ്ങൾ പരിശോധിക്കുകയും മറ്റ് രോഗങ്ങൾക്കുള്ള മരുന്നുകളും എത്തിച്ച് നൽകു ന്നു. കണിയാമ്പറ്റ വൃദ്ധസദനത്തിലുള്ള അന്തേവാസികളുടെ ക്ഷേമവും പ്രവർത്ത നങ്ങളും കൂടുതൽ മെച്ചപ്പെടുത്താനായി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഇവിടുത്തെ അന്തേവാസികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ജീവിത സൗക ര്യങ്ങൾ മെച്ചപ്പെടുത്താനും ആവശ്യമായ നടപടികൾ തുടർന്ന് വരുന്നു. ഇവിടെ 50 ബെഡുകളാണുള്ളത്. 10 വർഷത്തിന് ശേഷം ഇവർക്കാവശ്യമായ കട്ടിലും അലമാ റയും നൽകുന്നതിന് ഫണ്ട് വകയിരുത്തി മുന്നോട്ട് പോകുന്നു. ജീവിത സായം സന്ധ്യയിൽ ഒറ്റപ്പെടുന്നു എന്ന തോന്നൽ ഇല്ലാത്തവിധം ഇവർക്ക് പരിചരണവും

ശുശ്രൂഷയും നൽകാനും ആനന്ദകരമായ ജീവിതം ഇവർക്ക് നയിക്കുവാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതാണ്. ഇവർക്ക് ഈ വർഷം വയനാട്ടിൽ തന്നെ മാനന്തവാടി പഴശ്ശി പാർക്ക് പൂൽപ്പള്ളി മാവിലംതോട് എന്നിവിടുങ്ങളിലേക്കുള്ള 'ഉല്ലാസ യാത്ര' സംഘടിപ്പിച്ചു. വയനാടിന് പുറത്തേക്ക് ഈ വർഷം രണ്ട് ഉല്ലാസ യാത്രക്ക് പദ്ധതിയിടുന്നു.

പട്ടികവർഗ്ഗ മേഖലയിൽ കുറെ കാലത്തിന് ഇപ്പുറം P.M.A.Y വീടുകൾ ലഭ്യമായത് ഈ വിഭാഗത്തിന് വലിയ ആശ്വാസമാണ്. പട്ടികവർഗ്ഗ സാങ്കേതത്തിലേക്കുള്ള നടപ്പാത നിർമ്മാണവും ഇവർക്കായി വിവിധ കോളനികളിൽ പൈതൃക ഭവനങ്ങളും നിർമ്മിക്കുകയും ഇവർക്കായി ഇത് തുറന്ന് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇവർക്കായി മൈക്രോ സംരംഭങ്ങൾ ഉണ്ടാക്കി ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകാൻ ശ്രമം ഉണ്ടായെങ്കിലും ഇവ പൂർണ്ണമായും വിജയിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത്തവണ P.S.C പോലുള്ള പരീക്ഷയിൽ പരിശീലനം നൽകാനും ജോലി ഉറപ്പ് വരുത്താനുമുള്ള പദ്ധതികൾക്ക് രൂപം നൽകും.

വാർഷിക പദ്ധതിയിലും വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലും M.L.A, M.P പദ്ധതിയിലും മറ്റുമായി നടപ്പ് വർഷം 25 കി.മീ. അധികം റോഡ് ഗതാഗത യോഗ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഏറ്റവും കൂടുതൽ പണം ആവശ്യമുള്ള ഈ മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് അപര്യാപ്തമാണ്. എങ്കിലും സംയുക്ത പദ്ധതികളുമായും മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള പണം ചിലവഴിച്ച് മുന്നോട്ട് പോവുകയാണ്. ബ്ലോക്കിൽ P.M.G.S.Y യുടെ 4 റോഡ് ഉൾപ്പെട്ടിട്ടുണ്ട് എന്നതും സന്തോഷകരമാണ്. നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് റോഡ് ഈ വർഷം പൂർത്തീകരിക്കപ്പെടുമെന്ന് ആശിക്കയാണ്. സംസ്കാരിക വകുപ്പുമായി സഹകരിച്ച് കഴിഞ്ഞ കൊല്ലം ബ്ലോക്ക് പഞ്ചായത്തിന്റെ അഞ്ച് ഗ്രാമപഞ്ചായത്തുകളിലുമായി വജ്രജൂബിലി ഫെലോഷിപ്പിന്റെ ഭാഗമായി വിവിധ കലകൾ വിവിധ പഞ്ചായത്തുകളിൽ സംഘടിപ്പിച്ച് വരുന്നുണ്ട് ഇപ്പോൾ ശിൽപ്പകല, പരിചയമുട്ട് കളി, ഗദ്ധിക നാടൻപാട്ട് എന്നീ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. നടപ്പ് സാമ്പത്തിക വർഷം ഇതിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു. നൂറ് കണക്കിന് കുട്ടികൾക്ക് ഈ കലാപരിശീലനം ഉപയോഗപ്പെടുന്നു.

ന്യൂനപക്ഷ ജനവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രദേശം നേരത്തെ M.S.D.P പദ്ധതിയിൽ ഉൾപ്പെട്ടിരുന്നെങ്കിലും

പിന്നീട് പേര് മാറി വന്ന് P.M.J.V.K പദ്ധതിയിൽ ഉൾപ്പെട്ടിരുന്നില്ല എന്നാൽ നമ്മൾ നടത്തിയ നിവേദന ഫലമായും നമ്മുടെ M.P. മാരായ രാഹുൽഗാന്ധി, ഇ.ടി.മുഹമ്മദ് ബഷീർ എന്നിവരുടെ ശ്രമഫലമായും ഈ പദ്ധതിയിൽ നമ്മൾ വീണ്ടും വന്നെങ്കിലും ഇത് വരെ നമ്മുടെ പ്രൊപ്പോസലുകൾ അംഗീകരിക്കപ്പെട്ടില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അഞ്ച് ഗ്രാമ പഞ്ചായത്തുകളിലും നല്ല രീതിയിൽ പ്രവൃത്തികൾ നടക്കുന്നുണ്ട്. ഗ്രാമീണ ജനതയുടെ തൊഴിൽ ഉറപ്പ് വരുത്തുന്ന ഈ നിയമം നമ്മുടെ നാട്ടിലുണ്ടാക്കിയ മാറ്റം വലുതാണ്. പഴയ രീതിയിൽ പെർഫോമൻസ് കാണിച്ച പഞ്ചായത്തുകൾ ആ രീതിയിലേക്ക് ഉണർന്നില്ലെങ്കിലും ജില്ലയിൽ രണ്ടാം സ്ഥാനത്തായി നമ്മൾ മുന്നോട്ട് പോവുകയാണ്. ഇത്തവണ ആയിരത്തിൽ പരം നൂറ് ദിനം പൂർത്തിയാക്കിയ തൊഴിലാളികൾ നമ്മുടെ ബ്ലോക്ക് പഞ്ചായത്തിലുണ്ട്. ഈ മേഖലയിൽ സമഗ്രമായ ഒരു കർമ്മ പദ്ധതി രൂപപെടേണ്ടതുണ്ട്. ആകെ പ്രവർത്തിയുടെ 40% മെറ്റിരിയൽ ഉപയോഗിച്ച് നമ്മുക്ക് പ്രവൃത്തി നടത്തണമെന്നിരിന്നിട്ടും റോഡുകളോഴികെ മറ്റൊന്നും 100% വും യാഥാർത്ഥ്യമാക്കാൻ നമ്മുക്ക് കഴിഞ്ഞിട്ടില്ല. മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ജൈവ വേലി പ്രൊജക്ട് തനത് ഫണ്ടും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും കൂടി സംയുക്തമായി നടപ്പാക്കുകയാണ്. കൂടുതൽ കാര്യങ്ങളിലേക്ക് തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഭരണസമിതി ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടെ ചെയ്യാൻ ശ്രമിക്കുകയാണ്. ഇതിനായി ഏപ്രിൽ മാസം സംയുക്തവർക്ക് ഷോപ്പ് നടത്താൻ ഭരണ സമിതി ആഗ്രഹിക്കുന്നു.

177 അംഗൻവാടികൾ പ്രവർത്തിക്കുന്ന പനമരം I.C.D.S ന് കീഴിൽ പനമരം അഡീഷണൽ അടക്കം ഒട്ടേറെ പ്രവർത്തനങ്ങൾ നടന്ന് വരുന്നു കുരുന്നു വീട് പദ്ധതിയിൽ 20,0000 ലക്ഷം രൂപ മുടക്കി 20 അംഗൻവാടികൾ സ്മാർട്ടാക്കി മാറ്റുകയാണ് ഈ സാമ്പത്തിക വർഷം അംഗൻവാടികളുടെ ശോചനീയവസ്ഥ മാറ്റി പുതിയവ നിർമ്മിക്കുന്നതിന് M.G.N.R.E.G യിൽ പുതിയ അംഗൻവാടികൾ നിർമ്മിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് ഫണ്ട് ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി അംഗൻവാടികളുടെ നവീകരണം ഏറ്റെടുത്ത് വരികയാണ്. I.C.D.S ന് കീഴിൽ കൗമാര പ്രായക്കാരായ കുട്ടികളുടെ പ്രീമാരിറ്റൽ കൗൺസിലിംഗും മറ്റ് ബോധവൽക്കരണ ക്ലാസ്സുകളും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ നടന്ന് വരുന്നു. ഇവ ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനം ഒരുക്കുകയും കുരുന്ന് വീട് പദ്ധതിക്ക് 15 ലക്ഷം രൂപ വകയിരുത്തുകയും ചെയ്യു

ന്നു. ഇതോടൊപ്പം ഈ വർഷത്തെ ഭിന്നശേഷി കലോത്സവം മാർച്ച് 1 ന് നടത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. അടുത്ത വർഷം ഭിന്നശേഷി കലോത്സവത്തിനായി 1.50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്യുന്നു.

ദീർഘ നാളത്തെ കാത്തിരിപ്പിന് ഒടുവിൽ പ്രളയവും കോവിഡിനും ശേഷം യുവജനങ്ങളെ ആകർഷിച്ച് കൊണ്ട് കേരളോത്സവം 2023 ബ്ലോക്ക് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലായി സംഘടിപ്പിക്കുവാൻ കഴിഞ്ഞു. നല്ല യുവജന പങ്കാളിത്തവും സഹകരണവും എല്ലായിടത്തുമുണ്ടായിരുന്നു. വരുന്ന വർഷം കൂടുതൽ ആകർഷകമാക്കി കേരളോത്സവം സംഘടിപ്പിക്കാൻ 2 ലക്ഷം രൂപ ഇതിനായി വകയിരുത്തുന്നു. ഒപ്പം ജില്ലാ സംസ്ഥാന കേരളോത്സവ വിജയികളെ ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി അഭിനന്ദിക്കുന്നു.

ഈ ഭരണ സമിതി അധികാരമേറ്റെടുക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്തിലേക്ക് വരുന്നതിനുള്ള സൗകര്യം റോഡിന്റെ ശോചനിയാവസ്ഥ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. ഈ സാമ്പത്തിക വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തി പൂർത്തികരിക്കപ്പെടുകയാണ്. നമ്മുടെ ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഓഫീസ് ഇ-ഓഫീസായും ഒപ്പം പഞ്ചിംഗ് സംവിധാനവും I.S.O സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങളും പൂർത്തീകരിക്കപ്പെടുകയാണ്. ഓഫീസിന്റെ മൂന്നാം നിലയും I.S.O സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തുകയും ഘടക സ്ഥാപനങ്ങൾ കൂടി I.S.O ആക്കുന്നതിനായി 15 ലക്ഷം രൂപ വകയിരുത്തുകയാണ്. ഓഫീസ് സംവിധാനം മെച്ചപ്പെടുത്തി പ്രവർത്തനങ്ങൾ താഴെ തലത്തിൽ മികവാർന്ന സേവനങ്ങൾ നൽകി ജില്ലയിലും സംസ്ഥാനത്തും പനമരം ബ്ലോക്ക് പഞ്ചായത്തിനെ മികച്ചതാക്കാൻ എല്ലാവരുടെയും സഹായ സഹകരണം ഉണ്ടാകണം എന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

ഭവന നിർമ്മാണത്തിനും - ആരോഗ്യം-കുടിവെള്ളത്തിനും ഊന്നൽ നൽകിയുള്ള 2023-24 വർഷത്തെ 283784406രൂപ വരവും 282964100 രൂപ ചിലവും 820306 രൂപ മിച്ചവുമുള്ള വാർഷിക ബഡ്ജറ്റ് ഇതോടൊപ്പം ഇവിടെ അവതരിപ്പിക്കുന്നു.

- ഭവന നിർമ്മാണ മേഖലയിൽ അഞ്ച് ഗ്രാമപഞ്ചായത്തുകളിലായി ഭവന നിർമ്മാണത്തിന് 1 കോടി രൂപ വകയിരുത്തുന്നു.
- പുൽപ്പള്ളി C.H.C യിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് ശ്രമം തുടരും സർക്കാർ അനുമതി ലഭ്യമാകുന്ന മുറക്ക് സംയുക്ത പദ്ധതിയായി പുൽപ്പള്ളി C.H.C യിൽ ഡയാലിസിസ് ആരംഭിക്കും.

- ഗ്രാമീണ റോഡുകൾക്ക് ഊന്നൽ നൽകി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണത്തിനായി 1.5 കോടി രൂപ വകയിരുത്തുന്നു.
- വനിതാ ഘടക പദ്ധതിയിൽ അഞ്ച് ഗ്രാമപഞ്ചായത്തിലെ ഓരോ സെന്ററുകളിലും ഫിറ്റനസ് സെന്റർ ഷീഹെൽത്ത് പദ്ധതി നടപ്പാക്കും ഇതിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.
- ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ വനിതാ കമ്മീഷനുമായി ചേർന്ന് സംയുക്ത വനിതാ പാർലിമെന്റ് സംഘടിപ്പിക്കും.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശത്തിന് വിധേയമായി അഞ്ച് ഗ്രാമപഞ്ചായത്തിനെയും സംയോജിപ്പിച്ച് ഏപ്രിലിൽ വർക്ക് ഷോപ്പ് നടത്തി 40% മെറ്റീരിയൽ വർക്കുകൾ ഉപയോഗപ്പെടുത്താനുള്ള ശ്രമത്തിന് ആക്കം കൂട്ടും.
- പനമരം ഗ്രാമപഞ്ചായത്തുമായി ചേർന്ന് പനമരത്ത് R.R.F കേന്ദ്രം ഇത്തവണ പൂർത്തീകരിക്കും ഇതിനായി 30 ലക്ഷം രൂപ വകയിരുത്തുന്നു.
- പട്ടികജാതി-പട്ടിക വർഗ്ഗ യുവതികൾക്കായി അസാപ്പുമായി ചേർന്ന് നൈപുണ്യ പരിശീലനവും P.S.C പരീക്ഷയ്ക്ക് ട്രെനിംഗും സംഘടിപ്പിക്കും ഇതിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു.
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി കരുതൽ പദ്ധതിയിൽ 35 ലക്ഷം രൂപ വകയിരുത്തുന്നു.
- ലീഡ് ബാങ്ക് ബ്ലോക്ക് പഞ്ചായത്തിലെ മറ്റ് ബാങ്കുകളുമായി ചേർന്ന് 'സുരക്ഷ' പദ്ധതി ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുമായും സഹകരിച്ച് നടപ്പാക്കും.
- ക്ഷീര കർഷകർക്ക് വേനൽ കാല പാൽ അളവിന് അനുസൃതമായി 'ക്ഷീര രക്ഷാ' പദ്ധതിയിൽ ഇൻസെന്റീവ് തുക നൽകുന്നതിനായി 55 ലക്ഷം രൂപ വകയിരുത്തുന്നു.
- 'കതിർ മണി' പ്രൊജക്ടിൽ ഉൾപ്പെടുത്തി അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ നെൽ കർഷകർക്ക് വേണ്ടി കൂലി ചെലവ് സബ്സീഡി നൽകുന്നതിനായി 55 ലക്ഷം രൂപ വകയിരുത്തുന്നു.
- 'കേരളോത്സവം' പരിപാടി ഭംഗിയായി നടത്തുന്നതിനായി 1.5 ലക്ഷം രൂപ നീക്കി വെക്കുന്നു.

- യുവജനങ്ങളുടെ പങ്കാളിത്തം വിവിധ മേഖലകളിൽ ഉറപ്പ് വരുത്താനും പ്രോത്സാഹനമേകാനും ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സംസ്കാരിക നിലയങ്ങളും ക്ലബ് സെന്ററുകളും നിർമ്മിക്കും.
- ഒരു പഞ്ചായത്തിൽ ഒരു 'കളിക്കളം' പദ്ധതി ഈ വർഷം ഗ്രാമ-ജില്ലാ പഞ്ചായത്തുകളുടെ മറ്റ് സ്രോതസ്സുകളിലൂടെയും പണം കണ്ടെത്തി നടപ്പാക്കും ഇതിനായി 15 ലക്ഷം രൂപ വകയിരുത്തും.
- അഞ്ച് ഗ്രാമപഞ്ചായത്തുകളിലും കാർഷിക കർമ്മസേനയുടെ പ്രവൃത്തനങ്ങൾ ഊർജ്ജസ്വലമാക്കും. ഇവർക്ക് ആവശ്യമായ കാർഷികോപകരണങ്ങൾ നൽകും.
- സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് പിന്തുണയേകാൻ സാമൂഹ്യ സുരക്ഷാ മിഷന് 5 ലക്ഷം രൂപ വകയിരുത്തുന്നു.
- കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി വജ്രജൂബിലി ഫെലോഷിപ്പിന്റെ ഭാഗമായി അഞ്ച് പഞ്ചായത്തുകളിലായി നാടൻപാട്ട്, ഗദ്ധിക പരിചയമുട്ട് കളി, ശിൽപകല എന്നിവ ആഭ്യസിക്കുന്നതിനായി പരിശീലനത്തിന് 5 ലക്ഷം രൂപ വകയിരുത്തുന്നു.
- പനമരം, പുൽപ്പള്ളി C.H.C കളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.
- പനമരം, പുൽപ്പള്ളി C.H.C കളിലെ ലാബ് സൗകര്യം വർദ്ധിപ്പിക്കും ചുരുങ്ങിയ ചിലവിൽ ലാബ് സൗകര്യം ഏർപ്പെടുത്തി H.M.C വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കും. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.
- ജലസുഭിക്ഷ പദ്ധതിയിൽ നിലച്ച് പോയ കുടിവെള്ള പദ്ധതികൾ പുനരുജീവിപ്പിച്ചു. വിവിധ പ്രദേശങ്ങളിൽ പുതിയ കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുകയും പുതിയ നിർമ്മിക്കുകയും ചെയ്യും ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.
- പനമരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പ്രവൃത്തി പൂർത്തീകരിക്കും. കോൺഫറൻസ് ഹാൾ നവീകരിക്കും കോമ്പൗണ്ട് ഹരിതാഭമാക്കുകയും ചെയ്യും.
- പനമരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സോളാർ പ്ലാന്റ് സ്ഥാപിക്കും ഇതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി അഞ്ച് ഗ്രാമപഞ്ചായത്തുകളിലും 'ഉന്നതി' പരിശീലന പരിപാടിയും ലേബർ ക്ലബ്ബും രൂപീകരിക്കുന്നതിന് ശ്രമം നടത്തും.
- സെക്കൻഡറി പാലിയേറ്റീവ് മേഖല ശക്തിപ്പെടുത്തി കോളോസ്ട്രമി ബാഗ് വൃക്ക മാറ്റിവെച്ചവർക്കുള്ള മരുന്നുകൾ അടക്കം സെൻക്കണ്ടറി പാലിയോറ്റീവ് മുഖേന നൽകും ഇതിനായി 10 ലക്ഷം രൂപ ഇതിനായി നീക്കിവെക്കുന്നു.
- വനിതാ സ്വാശ്രയ സംഘങ്ങൾ മുഖേന സ്വയം തോഴിൽ സംരംഭ യൂണിറ്റുകൾക്ക് കാറ്ററിഗ്, ഷീഹെൽത്ത്, ഫുഡ് പ്രോസസിംഗും, ടൈലറിംഗ് യൂണിറ്റ്, ബേക്കറി അച്ചാർ യൂണിറ്റുകൾ, ഇവക്ക് ധനസഹായം ബാങ്ക് ലോൺ മുഖേനേ നൽകുന്നതിന് 'സഫലം' പദ്ധതിയിൽ 25 ലക്ഷം രൂപ വകയിരുത്തുന്നു.
- കണിയാമ്പറ്റ പ്രവർത്തിക്കുന്ന വൃദ്ധസദനത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കും. അടിസ്ഥാന സൗകര്യം ഒരുക്കി അന്തേവാസികൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉയർത്തും ഇവർക്ക് ഉല്ലാസ യാത്ര സംഘടിപ്പിക്കുന്നു ഇതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.
- പട്ട് നൂൽ കൃഷി വ്യാപനത്തിനായി P.A.U. മുഖേന മൾബറി കർഷകർക്ക് സെമി നാറും സഹായധനവും നൽകും
- 'ഗോജീവ സുരക്ഷാ' പദ്ധതിയിൽ സഞ്ചരിക്കുന്ന മൃഗാശുപത്രിക്കായി 15 ലക്ഷം രൂപ വകയിരുത്തുന്നു.
- പട്ടികജാതി വിദ്യാർത്ഥികൾക്കായി 'അക്ഷരവീട്' പദ്ധതിയിൽ പഠനമുറി നിർമ്മിക്കും ഇതിനായി 8 ലക്ഷം രൂപ വകയിരുത്തുന്നു.
- വൃക്കരോഗികൾക്കായുള്ള ജീവനം പദ്ധതിക്കായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

- ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങളും വാഹനവും നൽകും ഇതിനായി 15 ലക്ഷം രൂപ വകയിരുത്തുന്നു.
- ഘടക സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലും M.G.N.R.G.A പദ്ധതിയുമായി സംയോജിപ്പിച്ച് ഫലവൃക്ഷ തൈകൾ വെച്ച് പിടിപ്പിക്കും ഇതിനായി 'കായ്കനി' പദ്ധതി നടപ്പാക്കും.
- മാതൃക സെറി കൾച്ചറൽ ഫാമും പോളി ഹൗസ്, ജൈവകൃഷി പ്രോത്സാഹനവും തുടങ്ങിയ പദ്ധതികൾ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് നടപ്പാക്കും.
- സിൽക് പദ്ധതി, ജൈവ കൃഷി എന്നിവക്ക് ആവശ്യമായ പ്രചാരണവും പ്രോത്സാഹനവും നൽകും.
- പെയിൻ & പാലിയേറ്റീവ് സംവിധാനം ശക്തിപ്പെടുത്താൻ കൈത്താങ്ങ് പദ്ധതിയുമായി രോഗികളുടെ കുടുംബങ്ങൾക്ക് കൈത്താങ്ങാവാൻ ഇവർക്ക് സഹായകമാവുന്ന ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് - ധനസഹായവും - രോഗി ബന്ധു സംഗമവവും നടത്തും.
- എസ്.ടി. വിഭാഗത്തിലെ പാരമ്പര്യകുല തൊഴിലുകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കും. ഊരുകളിൽ 'പൈതൃക ഭവനങ്ങൾ' നിർമ്മിക്കും ഇതിനായി 30 ലക്ഷം രൂപ വകയിരുത്തുന്നു.
- എസ്.ടി. കോളനികളിലെ നടപ്പാതകൾ കോൺക്രീറ്റ് ചെയ്യുന്നതിനായി 1 കോടി രൂപ വകയിരുത്തുന്നു.
- മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ത്രിതല പഞ്ചായത്ത് - കോർപ്പസ് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി ഓരോ പഞ്ചായത്തിലും ഒരു കോളനി തിരഞ്ഞെടുത്ത് ഇവിടെ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തി മാതൃക കോളനിയാക്കും.
- ബ്ലോക്ക് പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളിലായി പ്രധാനപ്പെട്ട അഞ്ചു സ്ഥലങ്ങളിൽ വാട്ടർ എടിഎം സ്ഥാപിക്കും

പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തെ നിർബന്ധിത വകയിരുത്തലുകൾ കഴിഞ്ഞതിന് ശേഷം സംസ്ഥാന സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ഗ്രാമ-ജില്ല പഞ്ചായത്തുകളുടെയും വർക്കിംഗ് ഗ്രൂപ്പ് ഗ്രാമസഭ, വികസ സെമിനാർ, ഭരണ സമിതി തീരുമാനം എന്നിവയ്ക്ക് ശേഷം മാത്രമേ നമ്മുടെ പദ്ധതി അന്തിമമായി രൂപാന്തരപ്പെടുകയുള്ളു. പദ്ധതി രൂപീകരണം അന്തിമമാകുന്നതിലൂടെ ഭരണ സമിതിയുടെ കാഴ്ചപ്പാടിനനുസരിച്ചും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും ത്രിതല പഞ്ചായത്ത് ഫണ്ടുകളുടെ സാധ്യത അനുസരിച്ചും ജനങ്ങൾക്ക് ആവശ്യമായ കാര്യക്ഷമതയുള്ള പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന ആശയം നിങ്ങളുടെ മുൻപിൽ അവതരിപ്പിച്ച് കൊണ്ട് പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തിൽ ഭവന നിർമ്മാണത്തിനും ആരോഗ്യം കുടിവെള്ള മേഖലക്കും പ്രാധാന്യം നൽകി 283784406.രൂപ വരവും 282964100 രൂപ ചില—വും 820306 രൂപ മിച്ചവുമുള്ള ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കുന്നു.

അബ്ദുൾ ഗഫൂർ കാട്ടി

വൈസ് പ്രസിഡന്റ്

(ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

പനമരം ബ്ലോക്ക് പഞ്ചായത്ത്)

# PANAMARAM BLOCK PANCHAYATH

## BUDGET FOR YEAR 2023-24

| | Particulars - ഇന വിവരം | | Actuals for the year 2021-22 യഥാർത്ഥ കണക്ക് 2021-22 | Revised Budget for the year 2022-23 പരിഷ്കരിച്ച ബജറ്റ് 2022-23 | Budget for the year 2023-24 ബജറ്റ് 2023-24 |
|---|---|---|---|---|---|
| A | Opening balance(net) - പ്രാരംഭ ബാക്കി | WS-1 | 10,25,321 | 6,49,806 | 5,50,306 |
| B | a) Tax revenue - നികുതി വരുമാനം | BS-1 | 0 | 0 | 0 |
| C | b) Non tax revenue - നികുതിയിതര വരുമാനം | BS-2 | 3,31,885 | 16,92,000 | 10,21,000 |
| D | Total Own Fund - ആകെ തനത് ഫണ്ട് | (B+C) | 3,31,885 | 16,92,000 | 10,21,000 |
| E | c) General Purpose Fund - ജനറൽ പർപ്പസ് ഫണ്ട് | BS-3 | 56,36,000 | 63,12,000 | 70,69,000 |
| F | Total -ആകെ | (D+E) | 59,67,885 | 80,04,000 | 80,90,000 |
| G | d) Other Grants(Plan) - മറ്റ് റവന്യൂ ഗ്രാന്റുകള് -പദ്ധതി ചെലവുകൾക്ക് | BS-4 | 8,73,30,144 | 44,18,31,000 | 18,51,40,600 |
| H | e) Other Grants(Non-Plan) - മറ്റ് റവന്യൂ ഗ്രാന്റുകള് -പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 0 | 0 | 0 |
| I | Toal Revenue Income - ആകെ റവന്യൂ വരവുകൾ | (F+G+H) | 9,32,98,029 | 44,98,35,000 | 19,32,30,600 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | 0 | 0 | 0 |
| K | Capital Income other than loans - വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 1,92,02,181 | 21,37,37,942 | 9,00,03,500 |
| L | Total Capital Income - ആകെ മൂലധന വരവുകൾ | (J+K) | 1,92,02,181 | 21,37,37,942 | 9,00,03,500 |
| M | Total Income - ആകെ വരവുകൾ | (I+L) | 11,25,00,210 | 66,35,72,942 | 28,32,34,100 |
| N | Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും | (M+A) | 11,35,25,531 | 66,42,22,748 | 28,37,84,406 |

| | Particulars - ഇന വിവരം | | Actuals for the year 2021-22 യഥാർത്ഥ കണക്ക് 2021-22 | Revised Budget for the year 2022-23 പരിഷ്കരിച്ച ബജറ്റ് 2022-23 | Budget for the year 2023-24 ബജറ്റ് 2023-24 |
|---|---|---|---|---|---|
| O | Revenue Expenditure-Statutory functions-റവന്യു ചെലവുകള് -അനിവാര്യ ചുമതലകൾക്ക് | BS-8 | 59,81,517 | 69,03,500 | 78,20,000 |
| P | Revenue Expenditure-Plan - റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | BS-9 | 8,76,92,027 | 44,30,31,000 | 18,51,40,600 |
| Q | Revenue Expenditure-Non-Plan - റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | BS-10 | 0 | 0 | 0 |
| R | Total Revenue Expenditure - ആകെ റവന്യു ചെലവുകൾ | (O+P+Q) | 9,36,73,544 | 44,99,34,500 | 19,29,60,600 |
| S | Capital Expenditure -Loan repayments - മൂലധന ചെലവുകള് -വായ്പ തിരിച്ചടവ് | BS-11 | 0 | 0 | 0 |
| T | Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകൾ | BS-12 | 1,92,02,181 | 21,37,37,942 | 9,00,03,500 |
| U | Total Capital Expenditure - ആകെ മൂലധന ചെലവുകൾ | (S+T) | 1,92,02,181 | 21,37,37,942 | 9,00,03,500 |
| V | Total Expenditure - ആകെ ചെലവുകൾ | (R+U) | 11,28,75,725 | 66,36,72,442 | 28,29,64,100 |
| W | Closing Balance - നീക്കി ബാക്കി | (N-V) | 6,49,806 | 5,50,306 | 8,20,306 |



## ഉപസംഹാരം

പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബഡ്ജറ്റ് ആണ് ഇവിടെ വൈസ് പ്രസിഡണ്ട് (ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ) അവതരിപ്പിച്ചിട്ടുള്ളത്. തൻ വർഷത്തിൽ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനം കൃത്യമായി ഉപയോഗപ്പെടുത്തി പ്രൊജക്റ്റുകൾക്ക് പകരം പ്രൊജക്റ്റുകൾ എന്ന നിലയിൽ  കാണാതെ 100%വും ജനങ്ങൾക്ക് ഉപകാരപ്പെടുന്ന രൂപത്തിൽ പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിന് വേണ്ടി ശ്രമം നടത്തുന്ന ഭരണസമിതിയുടെ ഈ ബഡ്ജറ്റിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നതോടൊപ്പം, ബഡ്ജറ്റ് കണക്കുകൾ തയ്യാറാക്കുന്നതിന് വേണ്ടി പ്രവർത്തിച്ച എല്ലാ ഉദ്യോഗസ്ഥരോടും, ജനപ്രതിനിധികളോടും ഉള്ള സ്നേഹവും നന്ദിയും കടപ്പാടും ഇവിടെ അറിയിക്കുന്നു ഈ ബഡ്ജറ്റിന് എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്

**ഷീബ കെ**
സെക്രട്ടറി
പനമരം ബ്ലോക്ക് പഞ്ചായത്ത്